15466
14/7/17

കേരള സർക്കാർ

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിലെ ജീവനക്കാർക്ക് 10ാം ശമ്പള പരിഷ്കരണം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ (എ) വകുപ്പ്**

**സ.ഉ.(എം എസ്) നം. 17/2017/സാം.കാ.വ തീയതി, തിരുവനന്തപുരം,11.07.2017.**

പരാമർശം:- 1. 20.01.2016-ലെ സ.ഉ (പി) നം.7/2016/ധനം

2.കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ 24.06.2016, 28.03.2017 എന്നീ തിയതികളിലെ കെ എസ് സി എ/എ 1/892/2016 നമ്പർ കത്തുകൾ

**ഉത്തരവ്**

പരാമർശം 1 ലെ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് 10ാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിനെ തുടർന്ന് ചലച്ചിത്ര അക്കാദമിയുടെ 104 ാം ഭരണസമിതി യോഗം അക്കാദമിയിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തുന്നതിനായി ശുപാർശ ചെയ്തതായും ആയതിനാൽ അക്കാദമിയിൽ സർക്കാർ അംഗീകരിച്ച തസ്തികകൾക്ക് 10 ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും പരാമർശ കത്തുകൾ പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള പട്ടികയിൽ ചേർത്തിരിക്കുന്ന തസ്തികകളുടെ ശമ്പളം 20/01/2016 ലെ സ.ഉ (പി) നം.7/2016/ ധന നമ്പർ ഉത്തരവിന്റെ അനക്സർ 1 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിച്ച നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തിക | തസ്തികയുടെ എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | ഡെപ്യൂട്ടി ഡയറക്ടർ | 2 | 22360-37940 | 42500-87000 |
| 2 | പ്രോഗ്രാം മാനേജർ | 3 | 20740-36140 | 39500-83000 |
| 3 | ലൈബ്രേറിയൻ | 1 | 10480-18300 | 20000-45800 |

| | | | | |
|---|---|---|---|---|
| 4 | ഡോക്യുമെന്റേഷൻ അസിസ്റ്റന്റ് | 1 | 9190-15780 | 18000-41500 |
| 5 | ക്ലെർക്ക് | 2 | 9190-15780 | 18000-41500 |
| 6 | ടൈപ്പിസ്റ്റ് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ | 1 | 9190-15780 | 18000-41500 |
| 7 | ഡ്രൈവർ | 2 | 9190-15780 | 18000-41500 |
| 8 | പ്യൂൺ | 2 | 8500-13210 | 16500-35700 |
| 9 | കെയർടേക്കർ | 1 | 8500-13210 | 16500-35700 |
| 10 | പാർട്ട് ടൈം സ്വീപ്പർ | 1 | 4850-7500 | 9340-14800 |

(1) മേൽ ശമ്പള പരിഷ്കരണം 01.07.2014 മുതലും പരിഷ്കരിച്ച മറ്റ് അലവൻസുകൾ 01.02.2016 മുതലും പ്രാബല്യത്തിൽ വരുന്നതാണ് .

(2) ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ 20/01/2016- ലെ സ . ഉ ( പി ) നം .7/2016/ ധന നമ്പർ ശമ്പള പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ചുവടെ പറയുന്ന നിയമങ്ങൾ അപാകതകൾ കൂടാതെ പാലിക്കേണ്ടതാണ് .

| | |
|---|---|
| റൂൾസ് ഓഫ് ഫിക്സേഷൻ | അനുബന്ധം II ലെ റൂൾ 1 - 6 വരെയുള്ള ചട്ടങ്ങൾ പ്രകാരം ബോർഡിലെ റഗുലർ സർവീസ് മാത്രമേ സർവീസ് വെയിറ്റേജിന് കണക്കാക്കാൻ പാടുള്ളു . |
| പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ | ഖണ്ഡിക 35 |
| **അലവൻസുകൾ** | |
| DA | ഖണ്ഡിക 13 |
| HRA | ഖണ്ഡിക 14 |

| | |
|---|---|
| CCA | ഖണ്ഡിക 16 |
| TA | ഖണ്ഡിക 29 |

(3) മേൽപറഞ്ഞവയല്ലാതെ ഒരു തസ്തികകൾക്കും ഈ ശമ്പള പരിഷ്കരണം ബാധകമല്ല .

(4) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ മേലിൽ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ശമ്പള പരിഷ്കരണം നടപ്പാക്കാൻ പാടില്ല .

(5) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ സർക്കാർ അനുമതിയില്ലാതെ ശമ്പള പരിഷ്കരണം നടപ്പാക്കിയപ്പോൾ ഈ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം അനുവദിക്കുന്നതിനേക്കാൾ അധിക ആനുകൂല്യങ്ങൾ ഏതെങ്കിലും തസ്തികകൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് ഈ ശമ്പള പരിഷ്കരണം നടപ്പാക്കുമ്പോൾ തിരിച്ചുപിടിച്ച് ടി വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ് .

(6) കരാർ , ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല . ഇത്തരം ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ സേവന വേതന വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും, ഇപ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധിക്കു ശേഷം അവസാനിപ്പിക്കേണ്ടതുമാണ് .

(7) ചലച്ചിത്ര അക്കാദമിയിലെ എല്ലാ നിയമനങ്ങളും ( റെഗുലർ , കരാർ , ദിവസക്കൂലി, പ്രൊജക്ട്) ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമാനുസൃത നിയമന സംവിധാനങ്ങൾ ഉപയോഗിച്ച് മാത്രം നടത്തേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ , കരാർ അടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധി തീരുന്ന മുറയ്ക്ക് അവസാനിപ്പിച്ച്, സർക്കാർ അംഗീകാരമുള്ള തസ്തികകളിലേക്ക്, നിയമാനുസൃത രീതിയിൽ മാത്രം, നിയമനം നടത്തേണ്ടതാണ് .

(8) എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് പദ്ധതിയിലേക്കുള്ള തൊഴിലുടമാ വിഹിതം 12% (അടിസ്ഥാന ശമ്പളം + ക്ഷാമബത്ത) ആയിരിക്കും. തൊഴിലുടമാ വിഹിതം സംബന്ധിച്ച് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ടിലെ വ്യവസ്ഥകളും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ് .

(9) യാതൊരു സാഹചര്യത്തിലും സർക്കാർ നല്കുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ് .

(10) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ചലച്ചിത്ര അക്കാദമി ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല .

(11) ചലച്ചിത്ര അക്കാദമിയിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ വികലാംഗർ, പിന്നോക്ക സമുദായക്കാർ, പട്ടികജാതി പട്ടികവർഗം, മറ്റ് അർഹതയുള്ള വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ് .

(12) ശമ്പള പരിഷ്കരണത്തിനുവേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത അക്കാദമിയിലെ തനതു ഫണ്ടിൽ നിന്ന് നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

(13) ശമ്പള സ്കെയിൽ ഉയർത്തൽ (stepping up of pay ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഒരു കാരണവശാലും അനുവദിക്കാൻ പാടുള്ളതല്ല .

(14) ശമ്പള നിർണ്ണയം, അനോമലി മുതലായവയിലുള്ള സംശയങ്ങളിന്മേൽ തീരുമാനം കൈകൊള്ളുന്നതിന് സർക്കാരിന്റെ അനുവാദം വാങ്ങേണ്ടതാണ് .

(15) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിലെ സർക്കാർ അംഗീകൃത സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റാണി ജോർജ്ജ്
സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക/വെബ് & ന്യൂ മീഡിയാ വകുപ്പ്
ധനകാര്യ വകുപ്പ് (Edn C3/134/2016/Fin)
പൊതു ഭരണ (എസ് സി) വകുപ്പ് (ഇനം നമ്പർ 1128 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിലെ സർക്കാർ അംഗീകൃത സ്റ്റാഫ് പാറ്റേൺ**

| ക്രമ നം. | തസ്തിക | തസ്തികയുടെ എണ്ണം | സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും |
|---|---|---|---|
| 1 | ഡെപ്യൂട്ടി ഡയറക്ടർ | 2 | 08.01.1999 ലെ സ.ഉ (എം എസ്) 02/99/സാം കാ വ |
| 2 | പ്രോഗ്രാം മാനേജർ | 3 | 13.08.1998 ലെ സ.ഉ (സാധാ 288/98/സാം കാ വ<br>08.01.1999 ലെ സ.ഉ (എം എസ്) 02/99/സാം കാ വ |
| 3 | ലൈബ്രേറിയൻ | 1 | 19.08.2005 ലെ സ.ഉ (എം എസ്) 76/2005/സാംകാവ |
| 4 | ഡോക്യുമെന്റേഷൻ അസിസ്റ്റന്റ് | 1 | 19.08.2005 ലെ സ.ഉ (എം എസ്) 76/2005/സാംകാവ |
| 5 | ക്ലെർക്ക് | 2 | 19.08.2005 ലെ സ.ഉ (എം എസ്) 76/2005/സാംകാവ |
| 6 | ടൈപ്പിസ്റ്റ് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ | 1 | 19.08.2005 ലെ സ.ഉ (എം എസ്) 76/2005/സാംകാവ |
| 7 | ഡ്രൈവർ | 2 | 19.08.2005 ലെ സ.ഉ (എം എസ്) 76/2005/സാംകാവ |
| 8 | പ്യൂൺ | 2 | 08.01.1999 ലെ സ.ഉ (എം എസ്) 02/99/സാം കാ വ |
| 9 | കെയർടേക്കർ | 1 | 08.01.1999 ലെ സ.ഉ (എം എസ്) 02/99/സാം കാ വ |
| 10 | പാർട്ട് ടൈം സ്വീപ്പർ | 1 | 08.01.1999 ലെ സ.ഉ (എം എസ്) 02/99/സാം കാ വ |

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

69.

**തീയതി : 21-06-2017**

ഫയൽ നം.96/എ3/2016/സാം.കാ.വ. ഇനം നം: 1128

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

70. കരട് സർക്കാർ ഉത്തരവ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

71) കരട് സർക്കാർ ഉത്തരവ് [illegible] അംഗീകാരത്തിനായി [illegible]

22/6/17

22/6/17

GEETHA K
Asst. Secretary to Government
Cultural Affairs Department
Govt. Secretariat
Thiruvananthapuram

22/6/17
B. SUNIL KUMAR
Deputy Secretary to Govt.
Cultural Affairs Department
Govt. Secretariat
Thiruvananthapuram

23/6
റാണി ജോർജ്ജ് ഐ.എ.എസ്
ഗവൺമെന്റ് സെക്രട്ടറി

### കേരള സർക്കാർ
### (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)
### (മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | 96/എ 3/2016/സാം.കാ.വ. |
| 2. | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3. | വിഷയം | കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് -സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 09/06/17 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | അതെ |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ഗീത കെ. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.റാണി ജോർജ്ജ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 14/06/2017 |
| 10. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. നളിനി നെറ്റോ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15/06/2017 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.എ.കെ.ബാലൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 16/06/2017 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 19/06/2017 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള ..... കുറിപ്പ്

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 20.01.2016 ലെ സ.ഉ (പി) നമ്പർ 07/2016/ഫിൻ പ്രകാരം സർക്കാർ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിനെ തുടർന്ന് ചലച്ചിത്ര അക്കാദമിയുടെ 104 ാം ഭരണസമിതി യോഗം അക്കാദമിയിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തുന്നതിനായി ശുപാർശ ചെയ്യുകയും സർക്കാർ അംഗീകരിച്ച തസ്തികകൾക്ക് 10 ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും അഭ്യർത്ഥിച്ച് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

3. ശമ്പളപരിഷ്കരണം സംബന്ധിച്ച വിഷയത്തിന്മേലുള്ള അഭിപ്രായത്തിനായി ധനകാര്യ വകുപ്പിൽ ഫയൽ അയച്ചപ്പോൾ വകുപ്പ് താഴെ പറയും പ്രകാരം രേഖപ്പെടുത്തുകയുണ്ടായി.

**"കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള തസ്തികകൾക്ക് 20/01/2016 -ലെ സ.ഉ ( പി ) നം .7/2016/ ധന നമ്പർ ഉത്തരവിന്റെ അനക്സർ 1 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിച്ച നൽകാവുന്നതാണ് .**

| ക്രമ നം . | തസ്തിക | തസ്തികയുടെ എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | ഡെപ്യൂട്ടി ഡയറക്ടർ | 2 | 22360-37940 | 42500-87000 |

| | | | | |
|---|---|---|---|---|
| 2 | പ്രോഗ്രാം മാനേജർ | 3 | 20740-36140 | 39500-83000 |
| 3 | ലൈബ്രേറിയൻ | 1 | 10480-18300 | 20000-45800 |
| 4 | ഡോക്യുമെന്റേഷൻ അസിസ്റ്റന്റ് | 1 | 9190-15780 | 18000-41500 |
| 5 | ക്ലേർക്ക് | 2 | 9190-15780 | 18000-41500 |
| 6 | ടൈപ്പിസ്റ്റ് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ | 1 | 9190-15780 | 18000-41500 |
| 7 | ഡ്രൈവർ | 2 | 9190-15780 | 18000-41500 |
| 8 | പ്യൂൺ | 2 | 8500-13210 | 16500-35700 |
| 9 | കെയർടേക്കർ | 1 | 8500-13210 | 16500-35700 |
| 10 | പാർട്ട് ടൈം സ്വീപ്പർ | 1 | 4850-7500 | 9340-14800 |

(1) മേൽ ശമ്പള പരിഷ്കരണം 01.07.2014 മുതലും പരിഷ്കരിച്ച മറ്റു അലവൻസുകൾ 01.02.2016 മുതലും പ്രാബല്യത്തിൽ വരുന്നതാണ് .

(2) ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ 20/01/2016- ലെ സ . ഉ ( പി ) നം .7/2016/ ധന നമ്പർ ശമ്പള പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ചുവടെ പറയുന്ന നിയമങ്ങൾ അപാകതകൾ കൂടാതെ പാലിക്കേണ്ടതാണ് .

| | |
|---|---|
| റൂൾസ് ഓഫ് ഫിക്സേഷൻ | അനുബന്ധം II ലെ റൂൾ 1 - 6 വരെയുള്ള ചട്ടങ്ങ പ്രകാരം ബോർഡിലെ റഗുലർ സർവീസ മാത്രമേ സർവീസ് വെയിറ്റേജിന കണക്കാക്കാൻ പാടുള്ളു . |
| പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ | ഖണ്ഡിക 35 |
| **അലവൻസുകൾ** | |
| DA | ഖണ്ഡിക 13 |
| HRA | ഖണ്ഡിക 14 |
| CCA | ഖണ്ഡിക 16 |
| TA | ഖണ്ഡിക 29 |

(3) മേൽപറഞ്ഞവയല്ലാതെ ഒരു തസ്തികകൾക്കും ഈ ശമ്പള പരിഷ്കരണം ബാധകമല്ല .

(4) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ മേലിൽ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ശമ്പള പരിഷ്കരണം നടപ്പാക്കാൻ പാടില്ല .

(5) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ സർക്കാർ അനുമതിയില്ലാതെ ശമ്പള പരിഷ്കരണം നടപ്പാക്കിയപ്പോൾ ഈ ശമ്പള പരിഷ്കരണ ഉത്തരവു പ്രകാരം അനുവദിക്കുന്നതിനേക്കാൾ അധിക ആനുകൂല്യങ്ങൾ ഏതെങ്കിലും തസ്തികകൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് ഈ ശമ്പള പരിഷ്കരണം നടപ്പാക്കുമ്പോൾ തിരിച്ചുപിടിച്ച് ടി വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ് .

(6) കരാർ , ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല . ഇത്തരം ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ സേവന വേതന വ്യവസ്ഥകൾ പര്സ്യപ്പെടുത്തേണ്ടതും , ഇപ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധിക്കു ശേഷം അവസാനിപ്പിക്കേണ്ടതുമാണ് .

(7) ചലച്ചിത്ര അക്കാദമിയിലെ എല്ലാ നിയമനങ്ങളും ( റെഗുലർ , കരാർ , ദിവസക്കൂലി , പ്രൊജക്ട് ) ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമാനുസൃത നിയമന സംവിധാനങ്ങൾ ഉപയോഗിച്ച് മാത്രം നടത്തേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ , കരാർ അടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധി തീരുന്ന മുറയ്ക്ക് അവസാനിപ്പിച്ച് , സർക്കാർ അംഗീകാരമുള്ള തസ്തികകളിലേക്ക് , നിയമാനുസൃത രീതിയിൽ മാത്രം , നിയമനം നടത്തേണ്ടതാണ് .

(8) എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് പദ്ധതിയിലേക്കുള്ള തൊഴിലുടമാ വിഹിതം 12% ( അടിസ്ഥാന ശമ്പളം + ക്ഷാമബത്ത ) ആയിരിക്കും . തൊഴിലുടമാ വിഹിതം സംബന്ധിച്ച് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ടിലെ വ്യവസ്ഥകളും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ് .

(9) യാതൊരു സാഹചര്യത്തിലും സർക്കാർ നല്കുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ് .

(10) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ചലച്ചിത്ര അക്കാദമി ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല .

(11) ചലച്ചിത്ര അക്കാദമിയില്ലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ വികലാംഗർ , പിന്നോക്ക സമുദായക്കാർ , പട്ടികജാതി പട്ടികവർഗം , മറ്റ് അർഹതയുള്ള വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ് .

(12) ശമ്പള പരിഷ്കരണത്തിനുവേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത അക്കാദമിയിലെ തനതു ഫണ്ടിൽ നിന്ന് നിർവഹിക്കേണ്ടതാണ് . ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല .

(13) ശമ്പള പരിഷ്കരണ ശുപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയക്കുകയും ചെയ്യേണ്ടതാണ് .

(14) അംഗീകൃത സ്റ്റാഫ് പാറ്റേൺ കരട് ഉത്തരവിൽ അനുബന്ധമായി ചേർക്കേണ്ടതാണ് .

(15) ശമ്പള സ്കെയിൽ ഉയർത്തൽ (stepping up of pay ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഒരു കാരണവശാലും അനുവദിക്കാൻ പാടുള്ളതല്ല .

(16) ശമ്പള നിർണ്ണയം , അനോമലി മുതലായവയിലുള്ള സംശയങ്ങളിന്മേൽ തീരുമാനം കൈകൊള്ളുന്നതിന് ധനകാര്യ വകുപ്പിന്റെ അനുവാദം വാങ്ങേണ്ടതാണ് .

ഇതിന് ബഹു . ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട് "

4. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ജീവനക്കാരുടെ 10-ാം ശമ്പള പരിഷ്കരണ ശുപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ കുറിപ്പിലെ 3-ാം ഖണ്ഡികയിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാമോ?